# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

05.12.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2102

## എരഞ്ഞോണ അബ്ദുൽ കരീം വധക്കേസ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി.എ.റഹീം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീം വധക്കേസിൽ ക്രൈംബ്രാഞ്ച് പ്രതികളായി കണ്ടെത്തിയത് ആരെയെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലെ എരഞ്ഞോണ എന്ന സ്ഥലത്ത് അബ്ദുൾ കരീം എന്നയാളുടെ മരണവുമായി ബന്ധപ്പെട്ട് നടത്തിയ അന്വേഷണത്തിൽ പ്രതികളായി കണ്ടെത്തിയവരുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. മിഥിരാജ് (S/o. അബ്ദുൾ കരീം)<br>2. ഫിർദൗസ് (S/o.അബ്ദുൾ കരീം)<br>3. മൈമൂന (W/o.അബ്ദുൾ കരീം)<br>4. മുഹമ്മദ് ഫായിസ് (S/o.മൊയ്ദീൻ ഹാജി)<br>5. റഫീഖ് (S/o. സെയ്ഫുദ്ദീൻ) |
| (ബി) | പ്രസ്തുത കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) കുറ്റപത്രം സമർപ്പിച്ചിട്ടില്ല. മരണപ്പെട്ടയാളുടെ മൃതശരീരം കണ്ടെത്തിയിട്ടില്ലാത്തതിനാൽ കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (സി) | ഇപ്പോൾ പ്രസ്തുത കേസ് അന്വേഷണത്തിന് നേതൃത്വം നല്കുന്നത് ആരാണ്; | (സി) നിലവിൽ കോഴിക്കോട് ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി-I ശ്രീ.ബിജു കെ.സ്റ്റീഫന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നു വരുന്നു. |
| (ഡി) | അബ്ദുൽ കരീമിന്റെ ശവശരീരത്തിനായുള്ള പ്രതികൾക്കൊപ്പമുള്ള തെരച്ചിലിനിടയിൽ മറ്റൊരാളുടെ അസ്ഥികൂടം കണ്ടെത്തിയിരുന്നുവോ; | (ഡി) പ്രതികളോടൊപ്പമുള്ള തിരച്ചിലിൽ കർണാടകയിൽ നിന്നുള്ള കബനി കനാലിൽ നിന്നും അബ്ദുൾ കരീമിന്റേതെന്നു സംശയിക്കുന്ന ശരീരാവശിഷ്ടങ്ങൾ കണ്ടെത്തുകയും പിന്നീട് ഡി.എൻ.എ പരിശോധനയിൽ അബ്ദുൾ കരീമിന്റേതല്ലെന്ന് വെളിവായിട്ടുള്ളതുമാണ്. |
| (ഇ) | എങ്കിൽ കണ്ടെത്തിയ ശരീരാവശിഷ്ടങ്ങളുമായി അബ്ദുൽ കരീം വധക്കേസിലെ പ്രതികൾക്ക് ബന്ധമുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ഇ) അന്വേഷണം നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ഇക്കാര്യത്തിൽ കർണാടക പോലീസ് എന്തെങ്കിലും ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എഫ്) | നടത്തിയിട്ടുണ്ട്. കർണാടകയിലെ കബനി കനാലിൽ നിന്നും കണ്ടെത്തിയ ശരീരാവശിഷ്ടം അബ്ദുൾകരീമിന്റേതല്ലെന്ന് ഡി.എൻ.എ പരിശോധനയിൽ വ്യക്തമായതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കർണ്ണാടക പോലീസിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതും ആയതു പ്രകാരം ചാമരാജ് നഗർ ഈസ്റ്റ് പോലീസ് സ്റ്റേഷൻ Crime No.251/16 u/s 302, 201 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |
| (ജി) | അബ്ദുൽ കരീം വധത്തിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവർക്കു പുറമെ പ്രതികൾക്ക് സഹായം ചെയ്ത മറ്റാരെയെങ്കിലും പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷണ സംഘം പരിശോധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ജി) | കേസ് അന്വേഷണാവസ്ഥയിലാണ്. കൂടുതൽ തെളിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ